**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഷോക്കേറ്റുള്ള മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര പേർ ഷോക്കേറ്റ് മരണപ്പെട്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തു കഴിഞ്ഞ 10 വർഷത്തിനിടയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഷോക്കേറ്റു മരണപ്പെട്ടവരുടെ എണ്ണം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര പേർ ഷോക്കേറ്റ് മരണപ്പെട്ടെന്നുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഷോക്കേറ്റു മരണപ്പെട്ടവരുടെ എണ്ണം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ഷോക്കേറ്റുള്ള അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി), കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് LT ലൈനുകൾ സുരക്ഷയുടെ കൂടി പ്രാധാന്യം കണക്കിലെടുത്തു 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിച്ചു നിർമ്മിക്കാൻ തീരുമാനിച്ചു.<br><br>കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള നിശ്ചിത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് . വൈദ്യുതി സുരക്ഷയുമായി ബന്ധപെട്ട് പൊതു ജനങ്ങൾക്കുള്ള ബോധവൽക്കരണം നൽകി വരുന്നുണ്ട്.<br><br>എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB (Earth Leakage Circuit Breaker) സ്ഥാപിക്കുന്നതിനായി ബോധവൽക്കരണം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| വർഷം | കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർ | കരാർ ജീവനക്കാർ | പൊതുജനം |
|---|---|---|---|
| 2011 | 22 | 17 | 171 |
| 2012 | 19 | 10 | 152 |
| 2013 | 9 | 14 | 155 |
| 2014 | 13 | 16 | 127 |
| 2015 | 10 | 18 | 173 |
| 2016 | 9 | 10 | 140 |
| 2017 | 8 | 12 | 107 |
| 2018 | 8 | 9 | 131 |
| 2019 | 6 | 10 | 99 |
| 2020 | 10 | 12 | 94 |
| 2021 | 7 | 16 | 76 |
| **ആകെ** | **137** | **160** | **1597** |

സെക്ഷൻ ഓഫീസർ